LIBRARY ARCHIVES Kerala Legislative Assembly

ഇ-സഞ്ജീവനി സംവിധാനം

23 (*23) ശ്രീ. എം. നൗഷാദ്:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് വീട്ടിലിരുന്നുതന്നെ ചികിത്സ നേടാൻ സഹായിക്കുന്ന ഇ-സഞ്ജീവനി ടെലി-മെഡിസിൻ സംവിധാനം സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് ഇ-സഞ്ജീവനി ടെലി-മെഡിസിൻ സംവിധാനം 8-5-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 854/2020/ആകുവ പ്രകാരം 2020 ജൂൺ മുതൽ ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിൽ സേവനങ്ങൾ നൽകിവരുന്ന ഈ സംവിധാനം സംസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നത് ദിശയാണ്. നിലവിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 1964 ഡോക്ടർമാർ ഇ-സഞ്ജീവനിയിൽ സേവനങ്ങൾ നൽകിവരുന്നു. പ്രതിദിനം ശരാശരി 2000 ആളുകൾ ഇ-സഞ്ജീവനി സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. ജനറൽ ഒ.പി.-ക്ക്പുറമെ വിവിധ സ്പെഷ്യാലിറ്റി ഒ.പി.-കളും 24 മണിക്കൂർ പ്രവർത്തിക്കുന്ന കോവിഡ് ഒ.പി.-യും ഇ-സഞ്ജീവനി സംവിധാനത്തിൽ സജ്ജമാണ്. ഓരോ ദിവസവും ഓരോ ഷിഫ്റ്റിലും 20 ഡോക്ടർമാർക്ക് ഡ്യൂട്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇ-സഞ്ജീവനിയിൽ സാധാരണ ഒ.പി.-ക്ക് പുറമെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ടോ?

ഇ-സഞ്ജീവനിയിൽ സാധാരണ ഒ.പി.-ക്ക് പുറമെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകുന്ന സ്പെഷ്യാലിറ്റി ഒ.പി.-കൾ വിവിധ ജില്ലകളിൽനിന്നും ആരംഭിച്ചിട്ടുമുണ്ട്. സൈക്യാട്രി, ശിശുരോഗ വിഭാഗം, ഹൃദ്രോഗ വിഭാഗം, ജൈനക്കോളജി തുടങ്ങിയ സ്പെഷ്യാലിറ്റി ഒ.പി. സേവനങ്ങൾ ഇത്തരത്തിൽ നൽകുന്നുണ്ട്. കൂടാതെ മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സ്പെഷ്യാലിറ്റി ഒ.പി.-കളും ഇ-സഞ്ജീവനിയിൽ ലഭ്യമാണ്.

(സി) ഏതെല്ലാം ഒ.പി. സേവനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാകുന്നതെന്നും വിവിധ ഒ.പി.-കളുടെ സമയക്രമം എപ്രകാരമാണെന്നും അറിയിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.